(ഡി) കഴിഞ്ഞ വർഷത്തെ റാങ്ക് ലിസ്റ്റ് പ്രഖ്യാപനം എന്നായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ വർഷത്തെ റാങ്ക് ലിസ്റ്റുകളിൽ കേരളത്തിലെ സ്വാശ്രയ കോളേജുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മെറിറ്റ്, സംവരണ വിഭാഗം എന്നിവയിൽ യഥാക്രമം ഏറ്റവും ഒടുവിൽ അഡ്മിഷൻ അനുവദിച്ച റാങ്ക് നമ്പരുകൾ ഏതെല്ലാമാണ്?

ഉത്തരം

(എ) മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ബി) പരീക്ഷ നടത്തുന്നതിന് ദുബായിൽ ഒരു പരീക്ഷാ സെന്റർ ഈ വർഷം അനുവദിച്ചിട്ടുണ്ട്. പരീക്ഷ എഴുതുന്ന ഒ. എം. ആർ. ഷീറ്റിന്റെ ഒരു ഓട്ടോ കാർബൺ പതിപ്പ് പരീക്ഷാർത്ഥികൾക്ക് ഈ വർഷം മുതൽ പരീക്ഷ എഴുതിയശേഷം പരീക്ഷ ഹാൾ വിടുന്ന സമയത്ത് കൊടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പരീക്ഷ എഴുതുവാൻ കേരളത്തിലോ ന്യൂഡൽഹിയിലോ വരേണ്ടിയിരുന്ന വിദേശ മലയാളികളുടെ ബുദ്ധിമുട്ട് കുറയ്ക്കാനാണ് ദുബായിൽ ഒരു കേന്ദ്രം അനുവദിച്ചത്. പരീക്ഷാ നടത്തിപ്പ് കൂടുതൽ സുതാര്യമാക്കുവാനാണ് ഉത്തരക്കടലാസിന്റെ പകർപ്പ് പരീക്ഷാർത്ഥികൾക്ക് നൽകാൻ തീരുമാനിച്ചത്. മാത്രമല്ല ഉത്തരങ്ങളുടെ കീ പ്രസിദ്ധീകരിക്കുമ്പോൾ പരീക്ഷാർത്ഥികൾക്ക് ലഭിക്കാവുന്ന ആകെ മാർക്കിന്റെ വിവരം സ്വന്തമായി കണക്കാക്കുവാനും സാധിക്കും.

(ഡി) 2003 മേയ് 13-ന്.

(ഇ) വിശദ വിവരം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

എൻട്രൻസ് പരീക്ഷാ ഫീസ് കുറയ്ക്കുന്നതിന് നടപടി

87 [1456] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഇപ്പോൾ ഈടാക്കിവരുന്ന ഫീസ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകേണ്ട ഫീസ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ ഭീമമായ ഫീസ് ഈടാക്കുന്നത് സാധാരണക്കാരെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും എൻട്രൻസ് പരീക്ഷയെഴുതുന്നതിൽനിന്ന് പിൻതിരിയ്ക്കുന്നുവെന്ന് സർക്കാർ കരുതുന്നുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൻട്രൻസ് പരീക്ഷാ നടത്തിപ്പിന് വരുന്ന ചെലവ് എത്ര എന്ന് വ്യക്തമാക്കാമോ;

(ഇ) എൻട്രൻസ് പരീക്ഷാഫീസ് കുറയ്ക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ജനറൽ വിഭാഗം അപേക്ഷാഫീസ് .. 700 രൂപ

പട്ടികജാതി-പട്ടികവർഗ്ഗം അപേക്ഷാ ഫീസ് .. 350 രൂപ

(ബി) രൂപ 350

(സി) ഫീസ് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളൊന്നും ഇതേവരെ ലഭിച്ചിട്ടില്ല.

(ഡി) 2003-ലെ പരീക്ഷാ നടത്തിപ്പിന് ആകെ 94,35,009.00 രൂപ ചെലവായി.

(ഇ & എഫ്) ഇപ്പോൾ ആലോചനയിലില്ല.

മലയാളം മീഡിയം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മെഡിക്കൽ/ അഗ്രിക്കൾച്ചറൽ എൻട്രൻസ് പരീക്ഷയിൽ സീറ്റ് സംവരണം ചെയ്യാൻ നടപടി

88 [1457] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കിയതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ എന്ത് മാറ്റം ഉണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) ഒന്നാം ക്ലാസ്സുമുതൽ മലയാളം മീഡിയം സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മെഡിക്കൽ/അഗ്രികൾച്ചറൽ തുടങ്ങിയ എൻട്രൻസ് പരീക്ഷയിൽ 10% (പത്തുശതമാനം) സീറ്റ് സംവരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണഭാഷ മലയാളമാക്കിയതുമൂലം വിദ്യാഭ്യാസ മേഖലയിൽ വന്ന മാറ്റം വിലയിരുത്തിയിട്ടില്ല.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly